മേഖലയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ വയർലസ് സെറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

ശ്രീ. കെ. പി. രാമൻ: വനംകൊള്ളക്കാരുടെ ആക്രമണങ്ങൾക്കു പല പ്പോഴും ഫോറസ്റ്റ് ഗാർഡുമാർ വിധേയരാകാറുണ്ട്. ഫോറസ്റ്റ് ഗാർഡുമാർക്ക് ഇതിൽനിന്നെല്ലാം സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ നൽകാറുണ്ടോ, ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: എല്ലാസ്ഥലങ്ങളിലും ഇല്ല, ഇപ്പോൾ ഫ്ളയിംഗ് സ്കാഡിന് ആയുധങ്ങൾ നൽകിയിട്ടുണ്ട്. അതുപോലെ തന്നെ വന്യജീവിസങ്കേതങ്ങളിലും പ്രത്യേകമായ ചില റെയിഞ്ചുകളിലും ആയുധങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: ഫോറസ്റ്റ് പ്രൊട്ടക്ഷൻ സ്റ്റാഫിന്റെ എണ്ണം ഇത്രമാത്രം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ, യു. പി. യിലും ഹിമാചൽപ്രദേശിലുമൊക്കെ ചെയ്യുന്നതുപോലെ സ്വമേധയാവരുന്ന സന്നദ്ധസംഘടനകളുടെ സഹായം വനം രക്ഷിക്കുന്ന കാര്യത്തിൽ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഇപ്പോൾ തടസ്സമാണ് ചെയ്യുന്നത്. അതിനുപകരം അവരുടെ സഹകരണം സമ്പാദിക്കാനും ഉപയോഗപ്പെടുത്താനും ഗവൺമെന്റ് തയ്യാറാകുമോ?

(ഉത്തരം പറഞ്ഞില്ല)

നാടൻ വള്ളങ്ങൾക്ക് ആവശ്യമായ മണ്ണെണ്ണ

* (79) [121] ശ്രീ. കെ. കെ. ബാലകൃഷ്ണൻ:
,, കെ. കൃഷ്ണൻകുട്ടി:
,, എ. വി. താമരാക്ഷൻ:
,, പി. വിജയദാസ്:
,, വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾ ഘടിപ്പിച്ച മൽസ്യബന്ധനത്തിനുള്ള നാടൻ വള്ളങ്ങളുടെ ഉടമസ്ഥർക്ക് ആവശ്യമായ മണ്ണെണ്ണ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുവാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വള്ളത്തിനും ദിവസം എത്ര ലിറ്റർ മണ്ണെണ്ണയാണ് വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ ആവശ്യത്തിന് എത്ര ലിറ്റർ മണ്ണെണ്ണ ഒരു മാസത്തിൽ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ ആവശ്യത്തിനുള്ള മണ്ണെണ്ണ കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുന്നുണ്ടോ;

(ഇ) ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്കുള്ള മണ്ണെണ്ണയുടെ നിലവിലുള്ള അളവ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ടെങ്കിൽ അതിന്റെ നിരക്ക് വ്യക്തമാക്കുമോ;

(ജി) മൽസ്യഫെഡ്, മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): (എ) ഉണ്ട്.

(ബി) നാല് ഹോഴ്സ് പവർ എഞ്ചിനുകൾ ഘടിപ്പിച്ച വള്ളങ്ങൾക്ക് പ്രതിദിനം 200 ഉം, ഏഴ് ഹോഴ്സ് പവർ എഞ്ചിനുകൾ ഘടിപ്പിച്ച വള്ളങ്ങൾക്ക് 350 ഉം, പതിനൊന്ന് ഹോഴ്സ് പവർ എഞ്ചിനുകൾ ഘടിപ്പിച്ച വള്ളങ്ങൾക്ക് 500 ഉം, 12 ഹോഴ്സ് പവർ എഞ്ചിനുകൾ ഘടിപ്പിച്ച വള്ളങ്ങൾക്ക് 600 ഉം ലിറ്റർ എന്നതോതിൽ മണ്ണെണ്ണ ആവശ്യമാണെന്ന് കണക്കാക്കിയാണ് മൽസ്യത്തൊഴിലാളികൾക്ക് ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്.

(സി) ഉദ്ദേശം 1420 കിലോലിറ്റർ.

(ഡി) മുഴുവൻ ലഭിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) കേന്ദ്രസർക്കാരിൽനിന്നു കൂടുതലായി ലഭിക്കുന്ന മണ്ണെണ്ണ കൂടി കണക്കിലെടുക്കുമ്പോൾ യഥാർത്ഥ ആവശ്യം മുഴുവൻ നിറവേറ്റാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(ജി) തിരഞ്ഞെടുക്കപ്പെട്ട ഏതാനും മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(എച്ച്) സംസ്ഥാനതല ഫെഡറേഷനും അതിന്റെ കീഴിലുള്ള ജില്ലാതല കോ-ഓപ്പറേറ്റീവുകൾക്കും മൽസ്യബന്ധനത്തിനുപയോഗിക്കാൻ ആവശ്യമായ മണ്ണെണ്ണയുടെ ഹോൾസെയിൽ ഡീലർഷിപ്പ് നൽകിക്കൊണ്ട് കഴിയുന്നിടത്തോളം മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: മണ്ണെണ്ണ വിതരണം ഏത് ഏജൻസി മുഖാന്തിരമാണ് നടത്തുന്നത്? വിതരണം നടത്തുന്ന ഏജൻസിയെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; അതായത് നീതിപൂർവ്വം ഇത് നടത്തുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കൊടുക്കുന്ന കാർഡ് അനുസരിച്ച് സിവിൽസപ്ലൈസ് കോർപ്പറേഷനാണ് വിതരണം ചെയ്യുന്നത്. അത് മാറ്റി മൽസ്യഫെഡിനെ ഏൽപ്പിക്കണമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്, അതായത് അവരുടെതായ ബങ്കുകൾ സ്ഥാപിച്ചുകൊണ്ട് വിതരണം ചെയ്യാൻ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: പ്രധാനമന്ത്രി ഈ കാര്യപ്രദേശങ്ങൾ സന്ദർശിച്ച അവസരത്തിൽ കൂടുതൽ മണ്ണെണ്ണ കേന്ദ്രത്തിൽനിന്ന് കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന് പ്രധാനമന്ത്രി പറഞ്ഞ മറുപടി എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഈ എഞ്ചിനുകൾക്ക് മണ്ണെണ്ണ ഉപയോഗിക്കാൻ പാടില്ല, മറ്റുതരം എണ്ണകൾ ഉപയോഗിക്കണം, എന്നുള്ളതാണ് ഇന്ത്യാ ഗവൺമെൻറ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ എഞ്ചിനുകളുടെ പ്രത്യേകതയും മൽസ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുമെല്ലാം ചൂണ്ടിക്കാണിച്ച് വിശദമായ വിവരം കേന്ദ്രത്തെ ധരിപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ ആയിരം കിലോലിറ്റർ മണ്ണെണ്ണ കൂടുതലായി അനുവദിച്ചിരിക്കുകയാണ്. സംസ്ഥാനത്തിൻെറ പൊതുവിതരണത്തിനുള്ള കോട്ടായിൽനിന്നാണ് ഇന്ന് 700 കിലോലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നത്. അടുത്തമാസം മുതൽക്ക് ഏതാണ്ട് 1450 കിലോലിറ്റർ മണ്ണെണ്ണ ആവശ്യം വരുമെന്നുകാണുന്നുണ്ട്, അത്രയും കൊടുക്കാൻ സാധിക്കുമെന്നാണ് ഗവൺമെൻറ് കരുതുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ഓരോ തരത്തിലുള്ള വള്ളത്തിനും പ്രതിദിനം 200, 350, 500, 600 ലിറ്റർ എന്ന തോതിൽ മണ്ണെണ്ണ വിതരണംചെയ്യണമെന്നു പറഞ്ഞു. ഇന്നു നമ്മുടെ സംസ്ഥാനത്ത് ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള എത്ര വള്ളങ്ങളാണുള്ളത്, ഈ വള്ളങ്ങൾക്ക് എത്ര കിലോലിറ്റർ മണ്ണെണ്ണ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്?

ശ്രീ. കെ. കരുണാകരൻ: 4,500 ബോട്ടുകളാണ് ഇപ്പോഴുള്ളത്. അവയ്ക്കാവശ്യമായ മണ്ണെണ്ണ 1700-ൽ ചിലപ്പോൾ കിലോലിറ്റർ എന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്.

ശ്രീ. എ. വി. താമരാക്ഷൻ: 1983 അവസാനത്തെ കണക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. 1985 ആയപ്പോൾ ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച 6000-ത്തിൽപരം വള്ളങ്ങളുണ്ട്. ഈ വള്ളങ്ങൾക്ക് ഒരു മാസം 600 ലിറ്റർമുതൽ 800 ലിറ്റർവരെ മണ്ണെണ്ണ വേണ്ടിയിരിക്കേ ഇന്ന് ഈ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മണ്ണെണ്ണ ഒരു മാസം ഒരു വള്ളത്തിന് ശരാശരി 200 ലിറ്റർപോലും കൊടുക്കാൻ തികയുന്നില്ലെന്നുള്ളതു കണക്കിലെടുത്തുകൊണ്ട്, സംസ്ഥാനഗവൺമെൻറിൽ നിന്നൊക്കെ ലോണും മറ്റുമെടുത്ത് വള്ളങ്ങൾ വാങ്ങിക്കുന്നതുകൊണ്ട് അതും ഈ രംഗത്ത് വരുന്നുവെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് കൂടുതലായി മണ്ണെണ്ണ വാങ്ങിയെടുക്കാൻ സംസ്ഥാനഗവൺമെൻറ് തയ്യാറായിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഞാൻ പറഞ്ഞ കണക്ക് 1985 ആരംഭത്തിലേതാണ്. ഇനിയും എഞ്ചിനുകളുടെ എണ്ണം വർദ്ധിക്കാൻ ഇടയുണ്ട്. ഇറക്കുമതിചെയ്യാൻ പ്രത്യേക അനുവാദം വേണ്ട എന്നുള്ളതുകൊണ്ട് കൂടുതൽ വള്ളങ്ങൾ ഉപയോഗിക്കാൻ സാദ്ധ്യതയുണ്ട്. മാത്രവുമല്ല മൽസ്യത്തൊഴിലാളികൾക്ക് ഇത് സഹായകരമാണെന്നു മാത്രമല്ല ആദായകരമാണെന്നുകൂടി കാണുന്നതുകൊണ്ട് വളരെയധികം താൽപര്യത്തോടുകൂടി മുന്നോട്ടുവന്നിട്ടുണ്ട്. സംസ്ഥാനഗവൺമെൻറ് ഇതിനാവശ്യമായ അഞ്ചരക്കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതുകൊണ്ട് മണ്ണെണ്ണയുടെ ആവശ്യം കൂടുതൽ വരും. മറാളുകൾക്ക് വിതരണം ചെയ്യാനുള്ള മണ്ണെണ്ണയാണ് ഇതുവരെ ഇവർക്ക് വിതരണം ചെയ്തുകൊണ്ടിരുന്നത്. അത് തുടരുകയാണ്. ഇന്ന് കിട്ടിയിട്ടുള്ള കണക്കനുസരിച്ച് ഇതുകൊണ്ട് പൂർണ്ണമായി വിതരണം ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനുമുമ്പുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സാധാരണ കോട്ടായിൽനിന്നു കൊടുക്കുന്നതുകൊണ്ട് സാധാരണകോട്ടായിൽ വരുന്ന കുറവ് അവിടെയും വരുന്നുണ്ട്. ഇനി അത് വരാതിരിക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. പി. വിജയദാസ്: എഞ്ചിനുകൾ ഘടിപ്പിച്ച വള്ളത്തിന്റെ ഉടമകൾ മണ്ണെണ്ണയുടെ പെർമിറ്റിനുവേണ്ടി അപേക്ഷ നൽകിയിട്ട് ഇതുവരെ അത് നൽകാതിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും നടപടി നടത്താം. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് പഴയ മാമൂൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതുകൊണ്ട് ചിലപ്പോഴൊക്കെ വീഴ്ചകൾ വരുന്നതായി പരാതി കിട്ടുന്നുണ്ട്. ഏതായാലും കിട്ടുന്ന പരാതികളെക്കുറിച്ച് ശരിയായ നടപടി നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി. വിജയദാസ്: മണ്ണെണ്ണ ബങ്ക് സ്ഥാപിക്കും എന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതിനെന്തെങ്കിലും മാനദണ്ഡം ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിലാണ് ബങ്കുകൾ സ്ഥാപിക്കുന്നത്.

ശ്രീ. വി. ദിനകരൻ: ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്കു കൊടുക്കുന്ന മണ്ണെണ്ണയുടെ നിരക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ചല്ല മണ്ണെണ്ണ വിതരണം ചെയ്യുന്നത് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതുപോലെതന്നെ എഞ്ചിന്റെ എണ്ണവും ഹോഴ്സ് പവറും കണക്കിലെടുത്ത് എല്ലാ ജില്ലയിലും തുല്യമായി മണ്ണെണ്ണ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാവുന്നതാണ്, മണ്ണെണ്ണ കാർഡ് കൊടുത്തുകഴിഞ്ഞാൽ റേഷൻ കടയിൽ ചെല്ലുമ്പോൾ മുഴുവൻ കിട്ടുന്നില്ല എന്ന പരാതി വരുന്നുണ്ട്. ഏതായാലും മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിലായതുകൊണ്ട് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ എന്നു പരിശോധിക്കാം.

ശ്രീ. വി. ദിനകരൻ: എഞ്ചിൻ സ്റ്റാർട്ട് ചെയ്യുന്നതിന് പെട്രോൾ ആവശ്യമുണ്ട്, ഓടിക്കുന്നതു മണ്ണെണ്ണ ഉപയോഗിച്ചാണ്. അതുകൊണ്ട് മണ്ണെണ്ണ കൊടുക്കുന്നതുപോലെ പെട്രോൾ കൂടി സബ്സിഡി നിരക്കിൽ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾ തൽക്കാലം പെട്രോൾ സബ്സിഡി നിരക്കിൽ കൊടുക്കാൻ ആലോചനയില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: മണ്ണെണ്ണ ഔട്ട് ബോർഡ് എഞ്ചിന് കൊടുക്കാൻ തുടങ്ങിയ സമയത്ത് സിവിൽസപ്ലൈസ്

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ മുഖേനയാണ് വിതരണം തുടങ്ങിയത്. ഈയിടെ അതു മൽസ്യഫെഡ് മുഖേന വിതരണം ചെയ്യാൻ തുടങ്ങിയതിനെത്തുടർന്ന്, മട്ടാഞ്ചേരി ഭാഗത്ത് സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിതരണം നിറുത്തലാക്കി എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അങ്ങനെ നിറുത്തലാക്കിയ സ്ഥലത്തുകൂടി മൽസ്യഫെഡ് വഴിയുള്ള വിതരണം തുടരണം എന്ന നിവേദനം കിട്ടിയിട്ടുണ്ടോ; അതിനെ സംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: പുതിയ സിസ്റ്റം നടപ്പിലാക്കുന്നതുവരെ പഴയ സിസ്റ്റം തുടരാനാണ് തീരുമാനം. ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ്: ഐ. ആർ. ഡി. പി. പോലെയുള്ള പദ്ധതികളുടെ ഫലമായി ഔട്ട്ബോർഡ് എഞ്ചിൻ വ്യാപകമായിവരികയാണ്. ഔട്ട്ബോർഡ് എഞ്ചിൻ ഉപയോഗിക്കുന്ന തൊഴിലാളികൾക്ക് മണ്ണെണ്ണ ആവശ്യമാണ്. ഓരോ പ്രദേശത്തിനേറയും ആവശ്യം പ്രത്യേകം മനസ്സിലാക്കി (തെക്കൻ ഭാഗത്തും വടക്കൻ ഭാഗത്തും ആഴക്കടലിലും ദൂരേയ്ക്കും മൽസ്യം പിടിക്കാൻ പോകുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ആവശ്യം വ്യത്യസ്തമാണ്). വടക്കൻ കേരളത്തിന്റെ പ്രത്യേകത പരിഗണിച്ചുകൊണ്ട് അവിടെ മണ്ണെണ്ണ ആവശ്യത്തിന് നൽകാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾ കൊടുത്തുവരുന്നത് എഞ്ചിന്റെ പവ്വർ അനുസരിച്ചാണ്. പ്രത്യേകമായി ആവശ്യമുണ്ടോ എന്നു പരിശോധിക്കാം.

ശ്രീ. ബേബി ജോൺ: പന്ത്രണ്ടു ഹോഴ്സ്പവ്വർ എഞ്ചിൻവരെയുള്ളതിന് മണ്ണെണ്ണ കൊടുക്കുന്ന കാര്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ഇപ്പോഴത്തെ പ്രവണതയനുസരിച്ച് 25 ഹോഴ്സ് പവ്വർ എഞ്ചിനാണ് പ്രധാനമായും വലിയവള്ളങ്ങളിൽ ഉപയോഗിക്കുന്നത്. അപ്പോൾ ഈ നിരക്ക് മതിയാകാതെവരുന്നു. പുതുതായി എടുക്കുന്ന വള്ളങ്ങൾ 25 ഹോഴ്സ്പവ്വർ എഞ്ചിനാണ് ഉപയോഗിക്കുന്നത്. ആ നിലയ്ക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന 12 ഹോഴ്സ് പവ്വർ എന്നുള്ളത് 25 ഹോഴ്സ്പവ്വർ ആയി വർദ്ധിപ്പിച്ചു മണ്ണെണ്ണ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: വലിയ വള്ളങ്ങൾക്കു സബ്സിഡി ആവശ്യമുണ്ടോ എന്നു പരിശോധിക്കാം. പഴയ സിസ്റ്റം തുടർന്നുവരുന്നുവെന്നേയുള്ളു. പുതിയ സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ എന്തു ചെയ്യാൻ കഴിയും എന്നു പരിശോധിക്കാം.

ശ്രീ. ബേബി ജോൺ: വലിയ വള്ളങ്ങൾ എന്നു ഞാൻ പറഞ്ഞത് വളരെ വലിയ വള്ളങ്ങളെയല്ല. മുൻപ് 12 ഹോഴ്സ് പവ്വർ എഞ്ചിൻ വച്ചിരുന്ന വള്ളങ്ങളുണ്ട്; അതുപോലെയുള്ള വള്ളങ്ങൾ പുതിയതായി ഇപ്പോൾ എടുക്കുമ്പോൾ 25 ഹോഴ്സ്പവ്വർ എഞ്ചിനാണ് ആളുകൾ എടുക്കുന്നത്. അല്ലാതെ വള്ളത്തിന്റെ വലുപ്പത്തെക്കുറിച്ചല്ല ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: എഞ്ചിന്റെ പവ്വർ കൂട്ടൻ വേണ്ടിയുള്ളതാണ്. ആ കാര്യം തീർച്ചയായും പരിശോധിക്കാം.

വനവിഭവങ്ങളിൽനിന്നും സ്റ്റോറിന് ഉണ്ടായ വരുമാനം

*80[122] ശ്രീ. എം. വി. രാഘവൻ:

,, ഇ. പത്മനാഭൻ:

,, സി. കെ. തങ്കപ്പൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, ടി. കെ. ഹംസ്: തഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വനവിഭവങ്ങളിൽനിന്നും 1984-85-ൽ സ്റ്റോറിന് ഉണ്ടായ വരുമാനമെത്ര;

(ബി) വനംവകുപ്പിന്റെ ഭരണത്തിനും വനസംരക്ഷണത്തിനുമായി ചെലവഴിച്ച തുക എത്ര;

(സി) ചെറുകിടവ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യാവസായിക മേഖലയുടെ ആവശ്യത്തിന് 1984-85ൽ എത്ര ഘനമീറ്റർ മരം നൽകി?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): (എ) വനവിഭവങ്ങളിൽനിന്നും 1984-85 ൽ സ്റ്റോറിന് 33 കോടി 81 ലക്ഷം രൂപ വരുമാനമുണ്ടായി.

(ബി) വനംവകുപ്പിന്റെ ഭരണത്തിനും വനസംരക്ഷണത്തിനുമായി 1984-85-ൽ 11 കോടി 48 ലക്ഷം രൂപ ചെലവഴിച്ചു.

(സി) 1984-85 വർഷത്തേയ്ക്ക് വ്യവസായ സ്ഥാപനങ്ങൾക്ക് 9300 ഘനമീറ്റർ മരവും 1,04,000 ടൺ യൂക്കാലിപ്റ്റസും അനുവദിച്ചിട്ടുണ്ട്. കൂടാതെ ചെറുകിടവ്യവസായങ്ങൾ ഉൾപ്പെടെയുള്ള സ്വകാര്യ വ്യവസായസ്ഥാപനങ്ങൾക്ക് കോടതി ഉത്തരവിൻപ്രകാരം 1984-85 കാലയളവിലേക്ക് ആകെ 24,310 ഘനമീറ്റർ തടി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പൊതുലേലത്തിൽ വിൽക്കുന്ന മരങ്ങൾ കൂടി വ്യവസായികൾ വാങ്ങുന്നുണ്ട്. ഇതിന്റെ കണക്കുകൾ പ്രത്യേകം ലഭ്യമല്ല.

ശ്രീ. എം. വി. രാഘവൻ: വനവിഭവങ്ങളിൽനിന്ന് 1984-85-ൽ സ്റ്റോറിനുണ്ടായ വരുമാനം 33.81 കോടി രൂപയാണെന്നു പറഞ്ഞു. മറ്റു വർഷങ്ങളെ അപേക്ഷിച്ച് ഇതു കുറഞ്ഞുവരികയല്ലേ? അതിന്റെ കാരണമെന്താണ്? അതുപോലെതന്നെ വ്യവസായാവശ്യത്തിനു കൊടുക്കുന്ന മരങ്ങൾ ഏത് അടിസ്ഥാനത്തിലാണ് അവർക്ക് കൊടുക്കുന്നത്? അതിനെ സംബന്ധിച്ച് വല്ല പരാതിയും ഉണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് വരുമാനം കുറവാണ്. അങ്ങനെ കുറയാൻ കാരണം, പഴയ കാലത്ത് ഇഷ്ടംപോലെ മരം വെട്ടുന്നുണ്ടായിരുന്നു. ഇപ്പോൾ ഗവൺമെന്റ് വനസംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം കൽപ്പിച്ചതുകൊണ്ട് ക്ലിയർ ഫെല്ലിംഗ് മിക്കവാറും നിറുത്തിക്കഴിഞ്ഞു. സെലക്ഷൻ ഫെല്ലിംഗ് മുഖേന കിട്ടുന്ന മരങ്ങളാണ് വ്യവസായ ആവശ്യത്തിനുപയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly